ഗവ: എൽ. പി. എസ്

ഉതിയറമൂല

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ കണിയാപുരം സബ് ജില്ലയിലെ ഗവ. എൽ.പി.എസ് ഉതിയറമൂലയിൽ മുൻ വർഷങ്ങളിൽ എന്നപോലെ 2025-26 അക്കാദമിക വർഷത്തിലും അക്കാദമിക് മാസ്റ്റർപ്ലാൻ തയാറാക്കുന്നു.

അക്കാദമിക മാസ്റ്റർ പ്ലാനിൽ വിദ്യാലയത്തിലെ ഓരോ ക്ലാസിലെയും ക്ലാസ് മാസ്റ്റർ പ്ലാനും ഉൾപ്പെടുത്തുന്നുണ്ട്. ക്ലാസ് മാസ്റ്റർപ്ലാനുമായി ചേർത്ത് വ്യക്തിഗത മാസ്റ്റർ പ്ലാൻ, ആക്ഷൻപ്ലാൻ എന്നിവയും തയ്യാറാക്കുന്നു. സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഊന്നൽ നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# വിദ്യാലയ ചരിത്രം

പ്രശാന്ത സുന്ദരമായ ഒരു കുന്നിൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇതിയാമൂല എൽ.പി.എസ് പ്രയാണം ആരംഭിച്ചിട്ട് 52 വർഷം പിന്നിടുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലാണ് ഈ സ്കൂൾ. സ്കൂളിന് മുൻവശത്ത് കൂടി കടായിക്കോണം. അണ്ടൂർക്കോണം റോഡ് കടന്നു പോകുന്നു. ഇതിലൂടെ ബസ് സർവീസ് ഇല്ല. മറ്റ് ബാഹ്യ ശബ്ദങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് നിശബ്ദ സുന്ദരമായ പ്രദേശത്ത് 1972-ൽ നാട്ടുകാർ വാങ്ങി നൽകിയ അരേക്കർ സ്ഥലത്ത് 8/10/1973ൽ ആർ. ജലകുമാരിയെ ചേർത്ത് കൊണ്ടാണ് തുടങ്ങിയത്. നന്നാട്ടുകാവ് സുകുമാരൻ നായർ ആയിരുന്നു പ്രഥമാധ്യാപകൻ.

ബഹു. MLA ശ്രീ കടകംപള്ളി സുരേന്ദ്രന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2017-18 അധ്യയന വർഷത്തിൽ സ്കൂളിൽ ഒരു വാഹനം അനുവദിച്ച് കിട്ടി. ചുറ്റുമുള്ള യു പി സ്കൂളുകളിൽ മുതിർന്ന വിദ്യാർത്ഥികൾക്കൊപ്പം കുട്ടികളെ ചേർക്കുന്നതിനുള്ള രക്ഷിതാക്കളുടെ താൽപര്യമാണ് ഏറ്റവും വലിയ പ്രതിസന്ധിയായി ഇപ്പോഴും നിലനിൽക്കുന്നത്.

# സ്കൂളിലെ നിലവിലെ അവസ്ഥ

2024-25 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെ 4 ആൺ കുട്ടികളും 8 പെൺ കുട്ടികളും പ്രീപ്രൈമറിയിൽ കുട്ടികളാണ് ഉണ്ടായിരുന്നത്. 2025-26 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ 10 ആൺ കുട്ടികളും 10 പെൺകുട്ടികളും പ്രീപ്രൈമറിയിൽ 19 കുട്ടികളും നിലവിൽ അഡ്മിഷൻ എടുത്തിട്ടുള്ളത്. ശ്രീമതി സരിത ടീച്ചറിന്റെ നേതൃത്വത്തിൽ മൂന്ന് എൽ.പി സ്കൂൾ അധ്യാപകരും ഒരു പ്രീ പ്രൈമറി അധ്യാപികയും, ആയയും ഒരു പാചക തൊഴിലാളിയും സ്കൂളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്

ഇവിടെ എത്തുന്ന ഭൂരിഭാഗം കുട്ടികളും സ്കൂൾ വാഹനത്തിൽ എത്തുന്നവരാണ്. പ്രീപ്രൈമറി മുതൽ തുടർച്ചയായി 4-ാം ക്ലാസ് വരെ പഠിക്കുന്നവരും മറ്റ് സ്കൂളുകളിൽ നിന്ന് രണ്ടാം ക്ലാസിലും മൂന്നാം ക്ലാസിലും പ്രവേശനം നേടിവരുന്നുണ്ട്. SC, OBC, General എന്നിങ്ങനെ വിവിധ വിഭാഗത്തിലുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

| | |
|---|---|
| സ്കൂൾ കോഡ് | 43431 |
| വിദ്യാഭ്യാസ ഉപജില്ല | കണിയാപുരം |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | തിരുവനന്തപുരം |
| ബി. ആർ. സി | കണിയാപുരം |
| കോർപ്പറേഷൻ | തിരുവനന്തപുരം |
| അസംബ്ലി നിയോജക മണ്ഡലം | കഴക്കൂട്ടം |
| പാർലമെന്റ് നിയോജക മണ്ഡലം | തിരുവനന്തപുരം |

# മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ

- പൊതു വിദ്യാലയ ശാക്തീകരണം ഉറപ്പുവരുത്തുക.
- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
- പഠന പാഠ്യേതര മികവുകൾ വർദ്ധിപ്പിക്കുക.
- സമൂഹത്തോട് പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കുക
- കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.
- സ്കൂൾ മികവിന്റെ കേന്ദ്ര
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
- സ്മാർട്ട് ക്ലാസ് റൂം, ICT ലഭ്യത ഉറപ്പുവരുത്തുക

കലാ, കായിക, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തിപരിചയ മേളകളിലും മികച്ച നേട്ടം കൈവരിക്കാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞു. 2024-25 അധ്യയന വർഷത്തിൽ നടന്ന ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ കണിയാപുരം സബ്ജില്ലയിൽ 11-ാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞു. സ്കൂളിൽ നിന്ന് പങ്കെടുക്കുന്ന എല്ലാ മത്സരങ്ങളിലും മികച്ച പ്രകടനങ്ങൾ കാഴ്ചവെക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഓരോ കുട്ടികൾക്കും നൽകുന്നത്.

കോർപ്പറേഷന്റെയും വാർഡ് കൗൺസിലർമാരുടെയും റസിഡൻസികളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും, നാട്ടുകാരുടെയും സ്നേഹ സഹകരണങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കുട്ടികൾക്ക് കളിസ്ഥലം ഒരുക്കൽ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിത ശേഷി വികസനം | ലൈബ്രറി നവീകരണം | എസ്.എം.സി കാര്യക്ഷമമാക്കൽ |
| ഇംഗ്ലീഷ് പഠന പരിപോഷണം | സ്മാർട്ട് ക്ലാസ്സ് | ക്ലാസ് പി.ടി.എ രക്ഷാകർതൃ ശില്പശാല പ്രയോജനപ്പെടുത്തൽ |
| ശാസ്ത്ര പോഷണ പരിപാടി | ടോയ്‌ലറ്റ് നവീകരണം | വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| വായനാ പോഷണ പരിപാടി | അടുക്കള നവീകരണം | |
| ലൈബ്രറി ശാക്തീകരണം | | |
| ഫീൽഡ് ട്രിപ്പുകൾ | | |
| കാഴ്ച പഠനം | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | നിരീക്ഷണം |
| --- | --- | --- | --- | --- |
| മലയാളത്തിൽ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | · ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. · ആവശ്യമായ സാമഗ്രികൾ ഒരുക്കൽ (ചിത്രകാർഡ്, അക്ഷരകാർഡ്, പദകാർഡ് ഇവ ശേഖരിക്കൽ. | ലക്ഷ്യം നേടുന്നതുവരെ. | Cl. Trs SRG | |
| നമുക്കും വായിക്കാം. വായനാശേഷി വളർത്താൻ. | വായനക്കുറിപ്പ്, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, ആനുകാലിക വായന, രചനാ പരിചയക്കുറിപ്പ്, അമ്മവായന | ജൂൺ - മാർച്ച് | HM SRG Cl. Trs CPTA | |
| നന്നായി എഴുതാം. എഴുത്ത് പരിപോഷിപ്പിക്കാൻ | കുട്ടി നേടിയ അറിവുകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ സ്വതന്ത്ര രചനയെ പരിപോഷിപ്പിക്കുന്നു. ചിത്രരചന, സംയുക്ത ഡയറി, | | | |

| | | | | |
|---|---|---|---|---|
| | വായനാദിന ഡയറി, അനുഭവക്കുറിപ്പുകൾ, യാത്രാവിവരണം, കഥ പൂർത്തിയാക്കൽ, കവിതയിലെ വരികൾ കൂട്ടിച്ചേർക്കൽ, കത്തെഴുത്ത് | ജൂൺ-മാർച്ച് | Cl.Tr SRG | |
| സർഗവാസനാഭിപോഷണത്തിന്റെ ഭാഗമായി കുട്ടികളിലെ കഴിവുകൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രവർത്തനം, അവതരണം (ആഴ്ചയിൽ) | ഫെബ്രുവരി മാർച്ച് | HM SRG Cl.Tr. | |
| | | | | |

| | | | | |
|---|---|---|---|---|
| Let's talk. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | · കുട്ടികളിലെ പഠനസമയത്ത് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.<br>· ദൈനംദിനം കുട്ടികൾ കാണുന്ന വസ്തുക്കൾ (ക്ലാസിലും സാധനങ്ങൾ, ചുറ്റുപാട്, കുടുംബം, പഴങ്ങൾ, പച്ചക്കറികൾ, മരങ്ങൾ.....) തിരിച്ചറിയുന്നു. പറയുന്നു.<br>· ഇംഗ്ലീഷ് അസംബ്ലി.<br>· Listening English stories through ICT | ജൂൺ ജൂലൈ മാസങ്ങൾ<br><br>മാസത്തിലൊരിക്കൽ | HM SRG Trs.<br><br>Cl. Tr. | |
| Enrich English കുട്ടികൾ ഇംഗ്ലീഷ് പ്രാവീണ്യം നേടുന്നതിന് വേണ്ടി. | · മാസത്തിലൊരിക്കൽ ഇംഗ്ലീഷ് പ്രാവീണ്യമുള്ള അധ്യാപകരുമായി കുട്ടികൾക്ക് സംവദിക്കാനുള്ള അവസരം | മാസത്തിൽ ഒന്ന് | HM English Tr. | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| പ്രകൃതി നടത്ത നിരീക്ഷണം, അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | SRG HM CPTA | ആവശ്യാനുസരണം. | |
| എന്റെ ശുചിത്വം എന്റെ അഭിമാനം. ശുചിത്വബോധമുള്ള വ്യക്തിയും സമൂഹവും സൃഷ്ടിക്കുന്നതിന് | ക്ലാസ് ശുചിത്വ സർവേ പോസ്റ്ററുകൾ സ്ഥാപിക്കൽ | SRG Trs | ജൂൺ - ജൂലൈ | |
| നാടറിയാൻ - നാട്ടറിവുകൾ | · കർഷകരുമായി അഭിമുഖം. · നമുക്കും കർഷകരാകാം. | SRG Trs. | ജനുവരി | |
| ശാസ്ത്രാവബോധം വളർത്തുക | · ലഘുപരീക്ഷണങ്ങൾ കണ്ടെത്തൽ. അവതരിപ്പിക്കൽ. | | ജൂൺ, ജൂലൈ, ആഗസ്റ്റ്. | |

| ലക്ഷ്യം | പ്രവർത്തനം. | കാലയളവ് | ചുമതല | |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ആസൂത്രിത കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ. | ആഴ്ചയിൽ ഒന്ന്. | SRG<br>Cl. Tr. | |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. ഒറിഗാമി രൂപങ്ങൾ പ്രദർശിപ്പിക്കൽ | ജൂൺ - ജൂലൈ | SRG<br>Cl. Tr. | |
| ഗണിത പഠനം രസകരമാക്കൽ | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ തുടർനിർണ്ണയം.<br>ഏണിയും പാമ്പും<br>ഡൈസ് കളി<br>സങ്കലനം, വ്യവകലനം | ജൂൺ - മാർച്ച് | SRG<br>Cl. Tr. | |